പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1624 | 10.02.2020 ൽ മറുപടിയ്ക്ക്

# 2018-ലെ പ്രളയത്തിൽ മുങ്ങിപ്പോയ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) 2018-ലെ മഹാപ്രളയത്തിൽ മുങ്ങിപ്പോയ പഞ്ചായത്ത് റോഡുകൾ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) മഹാപ്രളയത്തിൽ ഒട്ടുമിക്ക സ്ഥലങ്ങളും മുങ്ങിപ്പോയ അയിരൂർ, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ ഏതൊക്കെ റോഡുകൾ ആണ് ഇത്തരത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചത്;

(സി) അയിരൂർ, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ റോഡുകൾ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾകൂടി പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി**

**എ.സി.മൊയ്തീൻ**
**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)**

(എ) & (ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ റീബിൽഡ് കേരളാ ഇനീഷ്യേറ്റീവിലും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അയിരൂർ – കോട്ടങ്ങൽ പഞ്ചായത്തുകളിലേയ്ക്കായി നിലവിൽ 1.75 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് ജില്ലയിൽ നിന്നും സമർപ്പിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 961.264 കോടി രൂപ 14 ജില്ലകളിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക തയ്യാറാക്കി വരുന്നു. വിട്ടുപോയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് ജില്ലാ തലത്തിലുള്ള ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക തയ്യാറാക്കുന്നതാണ്.

Danniya M S
സെക്ഷൻ ഓഫീസർ